# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1146      30.09.2016-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. യെ മെച്ചപ്പെടുത്താനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പ്രദീപ് കുമാർ<br>" എം. മുകേഷ്<br>" കെ. ആൻസലൻ<br>" പി.വി. അൻവർ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യെ ആധുനികവത്ക്കരിച്ച് സേവനം മെച്ചപ്പെടുത്തുവാനായി എന്തൊക്കെ കാര്യങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; | (എ) | കെ.എസ്.ആർ.ടി.സി.യുടെ പ്രതിസന്ധി പരിഹരിക്കുന്നതിനായി ഈ സർക്കാർ ഒരു രക്ഷാപാക്കേജ് തയ്യാറാക്കി വരുന്നു. 1000 പുതിയ സി.എൻ.ജി ബസുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും വായ്പയായി ലഭ്യമാക്കുമെന്ന് 2016-17-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. സി.എൻ.ജി ഇന്ധനം ലഭ്യമാക്കുന്നതോടെ കൊച്ചി നഗരത്തിൽ പ്രസ്തുത ഇന്ധനം ഉപയോഗിച്ച് ഓടിക്കാവുന്ന 100 കെ.എസ്.ആർ.ടി.സി. ബസുകൾ നിരത്തിലിറക്കുന്നതിനും കൂടാതെ മറ്റു സ്ഥലങ്ങളിൽ സി.എൻ.ജി ഇന്ധനം ലഭ്യമാകുന്നതോടെ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കണ്ണൂർ, കോഴിക്കോട് എന്നീ നഗരങ്ങളിൽ അത്തരം ബസുകൾ നിരത്തിലിറക്കുന്നതിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. നടപ്പു വർഷം 50 കോടി രൂപയാണ് ഇതിനായി ചെലവ് വകയിരുത്തിയിട്ടുള്ളത്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടി കൊൽക്കത്ത ഐ.ഐ.എം-ലെ പ്രൊഫസർ സുശീൽ ഖന്നയെ കൺസൽട്ടന്റ് ആയി നിയമിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ചാർജ്ജ് വർദ്ധിപ്പിക്കാതെ നഷ്ടം നികത്താൻ എന്തൊക്കെ നടപടി കളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | ലാഭകരമല്ലാത്ത റൂട്ടുകൾ പുനഃക്രമീകരിച്ച് ലാഭത്തിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | കെ.എസ്.ആർ.ടി.സി. ക്ക് മാത്രം മിനിമം ചാർജ്ജ് കുറയ്ക്കാനിടയാക്കിയ സാഹചര്യം എന്തായിരുന്നു; സ്വകാര്യ ബസുകളെ ഒഴിവാക്കി കെ.എസ്.ആർ.ടി.സി. യിൽ വിദ്യാർത്ഥികൾക്ക് സൗജന്യ യാത്ര അനുവദിക്കാൻ നിശ്ചയിച്ചത് എത്ര വരുമാന നഷ്ടം ഉണ്ടാക്കിയിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇത്തരം തീരുമാനങ്ങൾ പിൻവലിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | ഡീസൽ വിലയിൽ ഉണ്ടായ കുറവിനെ തുടർന്നാണ് കെ.എസ്.ആർ.ടി.സി ഓർഡിനറി ബസുകളിലെ ടിക്കറ്റ് നിരക്കിൽ ഒരു രൂപ കുറവ് വരുത്താൻ സർക്കാർ തീരുമാനിച്ചത്. കെ.എസ്.ആർ.ടി.സി. യിൽ വിദ്യാർത്ഥികൾക്ക് സൗജന്യ യാത്ര അനുവദിച്ചത് മൂലം പ്രതിവർഷം ശരാശരി 12 കോടി രൂപയുടെ വരുമാനനഷ്ടം ഉണ്ടാകുന്നുണ്ട്. നിലവിൽ ഈ നടപടികൾ പിൻവലിക്കുന്നത് സംബന്ധിച്ച് യാതൊരു തീരുമാനവും എടുത്തിട്ടില്ല. |
| (ഡി) | മാനേജ്മെന്റിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാനും ജീവനക്കാരുടെ പിന്തുണ നേടാനും എന്തൊക്കെ പദ്ധതികളാണുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണത്തിനായുള്ള രക്ഷാപാക്കേജിൽ ഈ വിഷയം പരിശോധിച്ചു വരുന്നു. |

[signature]

സെക്ഷൻ ഓഫീസർ